## MUSIC FOR LIFE

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Track - 01

# അസതോമ സദ്ഗമയ

രചന : O.N.V. Kurup          സംഗീതം : Jerry Amaldev

ആലാപനം : Joseph J. Palackal & Chorus

അസതോമ സദ്ഗമയ (2)

മണിത്തേരിൽ സുപ്രഭാതമെഴുന്നള്ളുന്നു
മന്നിൽ നീളെ പ്രാർത്ഥന തൻ പൂക്കൾ വിരിയുന്നു (2)
തൊഴുതു തൊഴുതു താമരപ്പൂ മിഴിതുറക്കുന്നു
ഇതൾ തോറുമൊരു മന്ത്രഗീതമുണരുന്നു (2)

തമസോമ ജ്യോതിർഗമയ (2)

പകൽപ്പൂവിൽ നിന്നുമഗ്നി പരാഗമുതിരുന്നു
വെയിൽപൂവിൻ ദലങ്ങൾ തീജ്വാലയാകുന്നു (2)
തളരുന്ന ഭൂമികേഴുന്നു
ദാഹിച്ചലയുന്നൊരാത്മാവുപോൽ (2)

മൃത്യോർമ അമൃതംഗമയ (2)

പരിത്യാഗ ശീലനാമൊരു ദേവനെപോലെ
പടിഞ്ഞാറൻ താഴ്‌വരയിൽ സൂര്യനെത്തുന്നു (2)
ഒരു ശാന്തി മന്ത്രമുയരുന്നു
ചേലിൽ നെഞ്ചിൽ ഒരുകിളി പാടിയുണരുന്നു (2)

അസതോമ സദ്ഗമയ (2)

മണിത്തേരിൽ സുപ്രഭാതം വീണ്ടുമണയുന്നു
മന്നിൽ നീളെ പ്രാർത്ഥന തൻ പൂക്കൾ വിരിയുന്നു
തൊഴുതു തൊഴുതു താമരപ്പൂ മിഴിതുറക്കുന്നു
ഇതൾ തോറുമൊരു മന്ത്രഗീതമുണരുന്നു

തമസോമ ജ്യോതിർഗമയ മൃത്യോർമ അമൃതംഗമയ
അസതോമ സദ്ഗമയ അസതോമ സദ്ഗമയ

www.TheCMSIndia.org

For further details please visit

http://thecmsindia.org/directory-of-christian-songs-index